## പതിനാലാം കേരള നിയമസഭ

*രണ്ടാം സമ്മേളനം*

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2489** | **07.10.2016-ൽ മറുപടിക്ക്**

## നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രഡിറ്റ് കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. കെ.റ്റി. ജലീൽ (ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** | |
| എ) | കേരളത്തിലെ നഗരസഭകളിലെ റഗുലർ വിഭാഗം ജീവനക്കാർക്ക് പി.എഫ്. ക്രഡിറ്റ് കാർഡ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) | കേരളാ മുനിസിപ്പൽ കോമൺ സർവ്വീസിൽ സേവനമനുഷ്ഠിക്കുന്ന റഗുലർ വിഭാഗം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ക്രെഡിറ്റ് കാർഡ് നൽകുന്നതിന് ആവശ്യമായ ജീവനക്കാരുടെ അഭാവവും, പൂർണ്ണമായ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തി നഗരസഭകളുമായി ലിങ്ക് ചെയ്യാത്തതുകൊണ്ടാണ് ക്രെഡിറ്റ് കാർഡ് വിതരണം പൂർത്തിയാകാത്തത്. |
| ബി) | പി.എഫ്. തുക നാളിതുവരെ വരവ് വച്ചതിന്റെ ഡാറ്റ എൻട്രി നടത്തുവാൻ ഇൻഫർമേഷൻ കേരള മിഷൻ (IKM) നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് സോഫ്റ്റ് വെയർ വികസിപ്പിച്ച് എടുത്തിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനം ഏതുവരെയായി എന്നും എന്നേയ്ക്ക് പൂർത്തിയാകുമെന്നും അറിയിക്കുമോ? | (ബി) | ഇല്ല.<br><br>ഇതു സംബന്ധിച്ച് സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ പ്രവർത്തനം നടന്നു വരുന്നതും 2016-17 സാമ്പത്തിക വർഷത്തിൽ ഇത് പൂർത്തിയാക്കുവാൻ കഴിയുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ**